**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2828.** **17.06.2019 ൽ മറുപടിയ്ക്ക്**

## സ്കൂളുകളിൽ ലഹരി വിരുദ്ധ ക്യാംപെയ്ൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ലഹരി വിരുദ്ധ ക്യാംപെയ്ൻ സംഘടിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വിദ്യാർഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്. വിദ്യാലയങ്ങളിൽ 2018-19 വർഷത്തിൽ പി.റ്റി.എ. യുമായും ഇതര സ്കൂൾ ക്ലബ്ബുകളുമായും സഹകരിച്ചു കൊണ്ട് 506 വിവിധ ബോധവത്കരണ പരിപാടികളും 188 റാലികളും 24675 ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാർഥികളെ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ പ്രാപ്തരാക്കുന്നതിലേയ്ക്കായി താലൂക്ക് അടിസ്ഥാനത്തിൽ നിരവധി ഏകദിനശില്പശാലകളും നടത്തി വരുന്നുണ്ട്.<br><br>വിദ്യാർഥികളിൽ ലഹരിവിരുദ്ധ ചിന്ത പകരുന്നതായ വിഷയങ്ങൾ ഉൾപ്പെടുത്തി ഉപന്യാസരചന, ചിത്രരചന, കൈയെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, പ്രസംഗം തുടങ്ങിയ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നുണ്ട്.. |
| (ബി) | സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വ്യാപകമാകുന്ന സാഹചര്യത്തിൽ അവ നിയന്ത്രിക്കുന്നതിനായി കഴിഞ്ഞ വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത്; അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | സ്കൂൾ പരിസരങ്ങളിൽ ലഹരി ഉപയോഗം തടയുന്നതിനുള്ള നടപടികൾ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായാണ് നിർവ്വഹിക്കപ്പെടുന്നത്. ആയതിനാൽ ടി ഇനത്തിൽ മുൻവർഷത്തെ ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുള്ള ലഹരിവർജ്ജന മിഷൻ "വിമുക്തി"യുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനായി 27,87,63,000/-രൂപ മുൻവർഷം അനുവദിച്ചിട്ടുള്ളതാണ്. |
| (സി) | 2039-001-87 എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട് ; വിശദമാക്കാമോ ; | (സി) യും (ഡി) | ടി ശീർഷകത്തിൽ ടോക്കൺ തുക 1000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. മറ്റു തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല. സ്കൂൾ കോളേജ് തലങ്ങളിലെ വിവിധ ലഹരിവിരുദ്ധപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി വിമുക്തി മിഷൻ 2039-00-001-88 എന്ന ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത ശീർഷകത്തിൽ തുക പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ശീർഷകത്തിലെ തുക സംബന്ധിച്ച നിർദ്ദേശം നൽകുന്നതിൽ വകുപ്പിന് വീഴ്ചപറ്റിയതായി കരുതുന്നുണ്ടോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**